## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 86** **01-12-2014-ൽ മറുപടിയ്ക്ക്**

### ലഹരി വിമുക്ത കേരളം ഐശ്വര്യ കേരളം പദ്ധതി

**ചോദ്യം:** **ഉത്തരം:**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. സി.പി. മുഹമ്മദ്
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് മിഷൻ 676-ൽ ഉൾപ്പെടുത്തി ലഹരി വിമുക്ത കേരളം, ഐശ്വര്യ കേരളം പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ; | ലഹരി വിമുക്ത കേരളം, ഐശ്വര്യ കേരളം പദ്ധതി സാക്ഷാത്കരിക്കുന്നതിനായി ലഹരിവിരുദ്ധ ബോധവൽക്കരണ സെമിനാറുകൾ, ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ, സ്റ്റാളുകൾ, ലഘുലേഖ വിതരണം, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസ മത്സരം, പ്രസംഗ മത്സരം, ഡോക്യുമെന്ററി പ്രദർശനം, സ്കൂൾ- കോളേജുകളിൽ ലഹരിവിരുദ്ധ ബോധവൽക്കരണം, കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ- കോളേജ് തലത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരണം, ആദിവാസി പിന്നോക്ക മേഖലകളിൽ പ്രത്യേക പദ്ധതി പ്രകാരമുള്ള ബോധവൽക്കരണ പരിപാടികൾ, കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റുകളിലും, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ സി.സി.ടി.വി വഴിയുള്ള ബോധവൽക്കരണം, റെയിൽവേ സ്റ്റേഷനുകളിലെ ബോധവൽക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണം, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ക്വിസ് മത്സരം, എക്സൈസ് ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണ പരിശീലന ക്ലാസ്സുകൾ തുടങ്ങിയവയാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്നവ. ആയതിലേയ്ക്ക് നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത മിഷൻ വഴി ഇതിനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | |
| (സി) | പ്രസ്തുത പദ്ധതി സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | |
| (ഡി) | പ്രസ്തുത പദ്ധതി സമയ ബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | |

സെക്ഷൻ ഓഫീസർ